# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-26

വെൺമണി ത്താഴം LPS
വെൺമണി. P.O
ചെങ്ങന്നൂർ

# ആമുഖം

കുട്ടികളുടെ സർവ്വതോന്മുഖമായ വളർച്ച ലക്ഷ്യം വച്ച് കൊണ്ടുള്ള പ്രവർത്തനമാണ് വിദ്യാഭ്യാസം കുട്ടികളുടെ വൈജ്ഞാനിക, വൈകാരിക, മനശ്ചാലക മേഖലകളിൽ സ്വാധീനം ചെലുത്തുന്നതിനും വികാസത്തിനും ഉതകുന്ന തരത്തിൽ ചിട്ടപ്പെടുത്തിയതാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ.

കണ്ടും കേട്ടും അറിഞ്ഞും അനുഭവിച്ചും അവൻ അറിവ് നേടുന്നു. പഠിക്കാനുള്ള സാഹചര്യം അധ്യാപകർ ഒരുക്കി കൊടുക്കുന്നു. ഈ അക്കാദമിക വർഷത്തിൽ കുട്ടികൾ എന്തെല്ലാം കഴിവുകൾ ആർജിക്കണമെന്ന് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ ചൂണ്ടിക്കാണിക്കുന്നു. ഓരോ കുട്ടിയുടെയും കഴിവിനനുസരിച്ചു വളരണമെന്ന് ഇത് ലക്ഷ്യം വയ്ക്കുന്നു.

# ലക്ഷ്യങ്ങൾ

## മലയാളം, ഇംഗ്ലീഷ് (ഭാഷ)

→ സാഹചര്യങ്ങൾക്കനുസരിച്ച് ഭാഷ കൈകാര്യം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നത്.

→ വ്യത്യസ്ത സാഹചര്യങ്ങളിൽ അക്ഷരങ്ങൾ, ചിഹ്നങ്ങൾ എഴുതുന്നതിനും ഉച്ചരിക്കുന്നതിനും

→ അക്ഷരങ്ങൾ ചേർത്ത് പദങ്ങളും പദങ്ങൾ ചേർത്ത് വാക്യങ്ങളും നിർമിക്കുന്നതിന്.

-> സാഹചര്യങ്ങൾക്കനുസരിച്ച് സംസാരിക്കുന്നതിന്.

-> തന്റെ ആശയങ്ങൾ സമൂഹത്തിന്റെ മുന്നിൽ പ്രകടിപ്പിക്കുന്നതിന്

-> ബാലസാഹിത്യ കൃതികൾ വായിക്കുന്നു.

-> സർഗ്ഗാത്മക സൃഷ്ടി നടത്തുന്നു.

-> ചിഹ്നങ്ങൾ അടിസ്ഥാനമാക്കി വാക്യങ്ങൾ നിർമ്മിക്കുന്നതിനും പദസംയോജനം നടത്തുന്നതിനും.

## ഗണിതം

* ഒന്നു മുതൽ 10,000 വരെയുള്ള സംഖ്യാ ബോധം
* വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയുന്നു.
* ചതുഷ്ക്രിയകൾ ആർജ്ജിക്കുന്നതിന്
* പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിന്
* സമയം, ദൂരം എന്നിവ മനസ്സിലാക്കുന്നു
* വിവിധ രൂപങ്ങൾ നിർമ്മിക്കുന്നതിന്

## പരിസര പഠനം

* നിരീക്ഷണ പാടവം വളർത്തുന്നു.
* വ്യത്യാസങ്ങൾക്കനുസരിച്ച് വർഗ്ഗീകരിക്കുന്നു.
* നിരീക്ഷണ വിവരങ്ങൾ വിശകലനം ചെയ്ത് നിഗമനങ്ങൾ രൂപീകരിക്കുന്നു.
* വിവിധ ശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിന്.

* ശാസ്ത്ര പുസ്തകങ്ങൾ വായിക്കുന്നതിന്.
* ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിന്.
* വ്യത്യസ്ത പ്രോജക്ട് വർക്കുകൾ ചെയ്യുന്നതിന്.

## കലാ കായികം

* ലഘു വ്യായാമങ്ങളിൽ ഏർപ്പെടുന്നു.
* ആശയങ്ങൾ ചിത്രീകരിക്കുന്നതിന്
* കായിക പരിശീലനം നേടുന്നതിന്
* ഭാവനക്കനുസരിച്ച് കവിതകൾ രചിക്കുന്നതിന്.
* കൃഷി, പൂന്തോട്ട പരിചരണം ഇവയിൽ ഏർപ്പെടുന്നതിന്
* സൗഹൃദ മനോഭാവം വളർത്തുന്നതിന്.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് - I. ഭാഷ

ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സർവ്വ വികസനമാണ് ഓരോ രക്ഷിതാവും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന, ഗണിത പരിജ്ഞാനം, കലാ-കായിക പ്രവർത്തനങ്ങളിലൂടെ പങ്കാളിത്തം, ശാരീരികവും മാനസികവുമായ ഒരുക്കങ്ങൾ എന്നിവയാണ് ലക്ഷ്യം വയ്ക്കുന്നത്. ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ കുട്ടി ആർജിക്കേണ്ട നേട്ടങ്ങൾ കൈവരിക്കുന്നതിന് ഉതകുന്ന രീതിയിലുള്ള പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ ഈ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തുന്നു. ഈ പ്രവർത്തനങ്ങളിലൂടെ ഓരോ കുട്ടിയുടെയും സർവ്വവികസനം ഉറപ്പാക്കുക എന്നതാണ് ലക്ഷ്യം വയ്ക്കുന്നത്.

## ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക
- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ പ്രാപ്തരാക്കുക
- എല്ലാ കുട്ടികളെയും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം കൂടാതെ ലഘുവാക്യങ്ങളിൽ എഴുതി അവതരിപ്പിക്കുവാൻ പ്രാപ്തരാക്കുക.
- ലളിതമായ വായനാകാർഡുകൾ നിർമിക്കുന്നു വായിക്കുന്നു.

— — —

→ ജൂൺ

- കളികളിലൂടെ ചിത്രവായന
- നിറങ്ങൾ നൽകാൻ അവസരം ഒരുക്കുക.
- പരിചിതമായ അക്ഷരങ്ങൾ ചേർന്ന് വടിവോടെ എഴുതുക.

→ ജൂലൈ

- അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചുവരുന്ന അക്ഷരങ്ങൾ, പദങ്ങൾ കണ്ടെത്തുക.
- ചിത്രവായനയിലൂടെ കണ്ടെത്തിയ കാര്യങ്ങൾ വാചികമായി അവതരിപ്പിക്കുന്നു.

- ക്ലാസ് ലൈബ്രറി, വായന മൂല ഒരുക്കങ്ങൾ.
- സംയുക്ത ഡയറി

→ ആഗസ്റ്റ്

- ചിത്രവായന
- വായന സാമഗ്രിയിൽ ആവർത്തിച്ചുവരുന്ന പദങ്ങൾ കണ്ടെത്തുന്നു.
- സ്കൂൾ ലൈബ്രറി.
- പുതിയ അക്ഷരങ്ങളുടെ എഴുത്ത് രൂപം പരിചയപ്പെടുന്നു

→ സെപ്തംബർ

- ചിഹ്നങ്ങൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ
- വായനാകാർഡുകൾ തയ്യാറാക്കൽ, വായന.

→ ഒക്ടോബർ

- ചിത്രവായന
- ചോദ്യങ്ങൾക്കുത്തരം കണ്ടെത്തൽ
- വായനോത്സവം

→ നവംബർ

- വരികൾ കൂട്ടിച്ചേർക്കൽ
- വാക്കുകൾ നൽകി വരികൾ കൂട്ടിച്ചേർക്കൽ
- പത്രവായനയ്ക്ക് അവസരം ഒരുക്കൽ

→ ഡിസംബർ

- സ്വന്തമായി വിവരണങ്ങൾ തയ്യാറാക്കൽ,

→ ഡിസംബർ

- ചെറു വിവരണങ്ങൾ തയ്യാറാക്കൽ.

→ ജനുവരി

- ചിത്രകഥ
- ചെറുകഥകൾ കേൾക്കുന്നു
- ചിത്രം നോക്കി കഥ പറയുന്നു.

→ ഫെബ്രുവരി

- കൂട്ടവായന

→ മാർച്ച്

- കുട്ടികൾ തയ്യാറാക്കിയ കഥകൾ കവിതകൾ എന്നിവ പ്രകാശനം ചെയ്യൽ
- നാട്ടുവായന - കുട്ടികൾ തയ്യാറാക്കിയ കഥകൾ, കവിതകൾ സമൂഹത്തിൽ അവതരിപ്പിക്കൽ.

## സംയുക്ത ഡയറി

ജൂലൈ മാസം മുതൽ കുട്ടി തന്റെ അനുഭവങ്ങൾ സ്വന്തമായി രേഖപ്പെടുത്തി തുടങ്ങുന്നു. ആദ്യ ഘട്ടത്തിൽ അമ്മയും കുഞ്ഞും ചേർന്ന് ഡയറി എഴുതുന്നു. കുട്ടിക്കറിയാവുന്ന അക്ഷരങ്ങൾ പദങ്ങൾ സ്വന്തമായി രേഖപ്പെടുത്തുകയും. അറിയാത്ത അക്ഷരങ്ങൾ പദങ്ങൾ രക്ഷിതാവ് എഴുതുചേർക്കുക എന്ന രീതിയിൽ സംയുക്ത ഡയറി എഴുതുന്നതിലൂടെ കുട്ടിക്ക് വളരെ വേഗം ലേഖനത്തിലുള്ള കഴിവ് ആർജിക്കാൻ കഴിയുന്നു.

## സംയുക്ത ഡയറി - ലക്ഷ്യങ്ങൾ

- സ്വന്തം അനുഭവങ്ങൾ ക്രമമായി പറയുന്നതിനും എഴുതുന്നതിനും സാധിക്കുന്നു.
- സ്വന്തം രചന പരിപോഷിപ്പിക്കുവാൻ സാധിക്കുന്നു
- ഭാഷാശേഷി വികാസം സാധ്യമാകുന്നു.
- അനുഭവാധിഷ്ഠിതമായ ഭാഷാശേഷി സാധ്യമാകുന്നു

## പാട്ടരങ്ങ് / കഥാവേള

ഭാഷാ പഠനത്തിൽ വളരെയധികം പ്രാധാന്യമർഹിക്കുന്ന പ്രവർത്തനങ്ങളാണ് പാട്ടരങ്ങ്, കഥാവേള. കുട്ടിയുടെ സർഗാത്മകത വളർത്തുന്നതിനും, ഭയം കൂടാതെ മറ്റുള്ളവരുടെ മുന്നിൽ കഥ, പാട്ട് എന്നിവ അവതരിപ്പിക്കുവാനും കഴിവ് നേടുന്നു.

ലക്ഷ്യങ്ങൾ

താളം മനസ്സിലാക്കി ഒറ്റയ്ക്കും കൂട്ടായും പാട്ടുകൾ പാടി അവതരിപ്പിക്കുന്നു
- കുട്ടിക്കവിതകൾ വായിച്ച് അവതരിപ്പിക്കുന്നു.
- കേട്ട കഥകൾ ഭയം കൂടാതെ അവതരിപ്പിക്കുന്നു.
- കഥയുടെ ആശയം മനസ്സിലാക്കുന്നു.
- ചെറുകഥകൾ, ചിത്രകഥകൾ എന്നിവ വായിക്കുന്നതിനുള്ള താല്പര്യം ഉണ്ടാകുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ - ഗണിതം I

ഒന്നാം ക്ലാസിൽ ഗണിതത്തിന്റെ പ്രാഥമിക-ഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നു. നിത്യജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്ത ഒരു വിഷയം തന്നെയാണ് ഗണിതം. ഒന്നാം തരത്തിൽ ഗണിതാശയങ്ങൾ ലളിതമായ രീതിയിൽ കുട്ടികളിലേക്ക് എത്തിക്കുവാൻ കഴിയുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ അക്കാദമിക മാസ്റ്റർപ്ലാൻ ലക്ഷ്യം വയ്ക്കുന്നതും അത് തന്നെയാണ്.

## ലക്ഷ്യങ്ങൾ

- ഒന്നുമുതൽ 5 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
- കൂടുതൽ, കുറവ്, വലുത്, ചെറുത് എന്ന ആശയം തിരിച്ചറിയുന്നു.
- ഗണിത പഠനം സുഗമമാക്കാൻ ഗണിതകിറ്റ് തയ്യാറാക്കുന്നു
- 1 മുതൽ സംഖ്യകൾ വായന എഴുത്തുരൂപം പരിചയപ്പെടൽ, വ്യാഖ്യാനം
- ആരോഹണ, അവരോഹണക്രമങ്ങൾ തിരിച്ചറിയൽ
- സങ്കലന, വ്യവകലന ചിഹ്നങ്ങൾ തിരിച്ചറിയൽ സ്വതന്ത്രമായി ക്രിയകൾ ചെയ്യൽ.

## ജൂൺ

- ചിത്രവായന
- അകത്ത് പുറത്ത് കളി
- രൂപങ്ങൾ തിരിച്ചറിയൽ
- രൂപങ്ങൾ ഉപയോഗിച്ച് ചിത്ര നിർമ്മാണം

## ജൂലൈ

- 1 മുതൽ 5 വരെ സംഖ്യകൾ പരിചയപ്പെടൽ.
- ഗണിത കിറ്റ് തയ്യാറാക്കൽ

## ആഗസ്റ്റ്

- 1 മുതൽ 20 വരെ സംഖ്യകൾ തിരിച്ചറിയുന്നു.
- കൂടുതൽ കുറവ് തിരിച്ചറിയുന്നു.

## സെപ്റ്റംബർ

- സംഖ്യാ ഗാനങ്ങൾ അവതരിപ്പിക്കൽ
- ഒറ്റ സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ, വ്യവകലന ക്രിയകൾ

## ഒക്ടോബർ

- ഒറ്റ സംഖ്യ, ഇരട്ട സംഖ്യ തിരിച്ചറിയൽ
- വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ

## നവംബർ

- സംഖ്യാ ഗാനങ്ങൾ
- ഒറ്റ സംഖ്യ രണ്ടക്ക സംഖ്യ സങ്കലനം.

ഡിസംബർ

- സംഖ്യകൾ ആരോഹണ അവരോഹണക്രമത്തിലാക്കൽ
- ഗണിത നിർമാണം നടത്തൽ.

ജനുവരി

- ഒറ്റ സംഖ്യയും ഇരട്ടസംഖ്യയും തമ്മിലുള്ള സങ്കലന വ്യവകലന ക്രിയകൾ
- സംഖ്യാ വ്യാഖ്യാനം.

ഫെബ്രുവരി

- വില വിവരപ്പട്ടിക ഉള്ള വിശകലന പ്രവർത്തനങ്ങൾ

മാർച്ച്

- ഗണിത വർക്ക് ഷീറ്റുകൾ പൂർത്തിയാക്കുന്നു.
- ലളിതമായ പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.
- ക്ലാസ് ഗണിത പ്രവർത്തനങ്ങൾ
- മൂല്യനിർണയ പ്രവർത്തനങ്ങൾ.

# STANDARD-I ACCADEMIC MASTER PLAN

AIM: To speak, Read and write English without any mistakes

| Learning outcome | Activities | Period |
| --- | --- | --- |
| To check the letter and familiar word (writing skills) | Pretest: write alphabets and write familiar words cat, dog, apple, ant, big, small etc like this. | June. |
| To listerning skills and reading skills<br>Listerning skills speaking skills | Animals name, pet names, (cat, dog, hen ---)<br>Action words<br>Identifying the naming words from the picture<br>Text activities<br>self introduction<br>picture description<br>Assemply activities (quiz, commands, News) | July. |
| Develope the speaking and writing<br>Reading skills | Newspaper head lines reading<br>Library books reading<br>Find familier word and reading correction<br>Text book reading<br>(backward childrens identifying small word and circle it this read that words) | August.<br>to |

| | | |
|---|---|---|
| Writing skills | Picture description and describing words<br>Marks riddles<br>Add more lines<br>Assembly activities (quiz, commands, News)<br>book review (Where are you going Where is in this) | September |
| To express thoughts<br>Reading skills | Text book reading<br>Conversation<br>Tell the action words childrens find. Some words and read it | October<br>to |
| Writing skill | Read notice<br>Description (Read book, story books and others)<br>Thoughts<br>magazine (story, poem, picture etc) | November. |
| Develop the creative speaking and writing<br>Reading skill<br>Writing skills | Conversation (making<br>Read textbook, note books, class room activities.<br>Animals sound<br>Magazine<br>Conversations<br>Animals name and sounds<br>Riddles. | December<br>to |

| | | |
|---|---|---|
| | Add more lines<br>Activities | January |
| Speaking | Speak about one thing<br>(like ball, school, house)<br>Speech (Important days, Indepen<br>ding school days)<br>New paper familiar words | |
| Develop the creative speaking and writing | Text book reading<br>Story book reading | |
| To express thoughts, feelings etc | Reading card<br>Read text book activities<br>Text book reading | February |
| Writing skills. | Complete the small story<br>Picture description with sentence<br>Thoughts of characters in simple sentence<br>Thought of characters in simple sentence. | March. |
| Speaking skills. | Quiz (Assembly)<br>Story telling<br>Rhymes<br>Thoughts for the day<br>conversation. | |

## ആമുഖം

[redacted] Learning Program ന്റെ ഭാഗമായി 2024-25 അധ്യയന വർഷം 6 കുട്ടികൾ ഹൈസ്കൂളിൽ പഠിക്കുന്ന 1-ൽ നിന്ന് 2 ലക്ഷം വരെ മുമ്പുള്ള കുട്ടികൾക്ക് ഉതകുന്ന പഠനപ്രവർത്തനം ഉൾക്കൊള്ളുന്ന ഒന്നാണ്. ഇതിനായി തെരഞ്ഞെടുത്ത പരിപാടികൾ തയ്യാറാക്കി. പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ ഹൈസ്കൂളിലും അക്കാദമിക മികവ് ഉയർത്താനും കുട്ടികളിൽ പഠനമികവ് ഉണ്ടാകുന്നതിന് വേണ്ടിയാണ്.

# ഉള്ളടക്കം


- ആമുഖം
- പ്രവർത്തന കലണ്ടർ
- മലയാളമധുരം
- സംയുക്ത ഡയറി
- പാട്ടരങ്ങ്
- സചിത്ര പുസ്തകം
- റീഡേഴ്സ് തിയേറ്റർ
- നാട്ടുവിശേഷം കൂട്ടെഴുത്ത്
- രചനോത്സവം.

## പ്രവർത്തന ലക്ഷ്യങ്ങൾ

രണ്ടാം ക്ലാസ്സിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന് രണ്ടാം ക്ലാസ്സിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.

ക്ലാസ്സിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക. ചിത്രത്തെ ആസ്പദമാക്കി ലഘുവിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.

ആശയം, ഈണം / താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു.

## ജൂൺ

* ചിത്രകാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ടത്)
* ഭാഷണത്തിന് ക്ലാസ്സിൽ അവസരം ഒരുക്കൽ
* ആത്മവിശ്വാസത്തോടെ സ്വതന്ത്രവായനക്ക് അവസരം ഒരുക്കുന്നു. [മലയാളമധുരം]
* കുട്ടിയും രക്ഷിതാവും ചേർന്ന വായന ആരംഭിക്കുന്നു.
* വായനാസാമഗ്രികൾ നിർമ്മിക്കൽ.

## ജൂലൈ

- ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യതകൾ ഉറപ്പിക്കുന്നു.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.
- എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുത്തൽ
- രക്ഷിതാവിന്റെ, അധ്യാപികയുടെ സഹായത്തോടെ ദൈനംദിന അനുഭവങ്ങളെ ഉൾക്കൊണ്ട് സംയുക്ത ഡയറി തയ്യാറാക്കുന്നു.

## ആഗസ്റ്റ്

- ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
- രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
- സചിത്ര പുസ്തകം ചിത്രങ്ങളുടെ സഹായത്തോടെ കുട്ടികൾ സ്വന്തം രചന നടത്തുന്നു.
- വർക്ക് ബുക്ക് രൂപത്തിലാക്കിയ സചിത്ര പുസ്തകങ്ങൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നു.
- വായനാതലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാക്കുന്നു.

## സെപ്റ്റംബർ

- വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
- കുട്ടികവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും ആവിഷ്കരിക്കുകയും ചെയ്യുന്നു.
- ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.

## ഒക്ടോബർ

കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിലൂടെ അവസരം ഒരുക്കൽ.

വിവിധതരത്തിലുള്ള പതിപ്പ് തയ്യാറാക്കൽ

രണ്ടാം ക്ലാസ്സിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

രണ്ടാം ക്ലാസ്സിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു.

കുട്ടികൾക്ക് റീഡേഴ്സ് തിയേറ്റർ അവതരിപ്പിക്കുന്നതിനുള്ള സന്ദർഭം ഒരുക്കൽ.

## നവംബർ

കുട്ടികളിൽ സ്വതന്ത്രമായ സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം ഒരുക്കുന്നു.

പരിസരപഠനത്തിലൂടെ ഭാഷാപഠന സാധ്യതകൾ ഒരുക്കുന്നു.

പ്രകൃതി നിരീക്ഷണത്തിലൂടെ ഗ്രഹിച്ച ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിയുന്നു.

പുറംവാതിൽ പഠനത്തിലുള്ള സാധ്യത ഒരുക്കൽ കഴിയുന്നു

പാഠപുസ്തകത്തിലെ ആശയങ്ങൾക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു

## ഡിസംബർ

- ഭാഷയുടെ വിവിധ തലങ്ങൾ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
- വ്യവഹാര രൂപങ്ങൾ ലഭ്യമാക്കുന്നതിനുള്ള സാധ്യതകൾ രൂപീകരിക്കുന്നു.
- ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കുന്നു.

## ജനുവരി

- വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനും ഉള്ള അവസരം ഒരുക്കൽ (കവിതാപൂരണം)
- ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ.
- അറിയിപ്പുകൾ ചെറിയ പോസ്റ്ററുകൾ എഴുതി തയ്യാറാക്കുന്നതിന് അവസരം ഒരുക്കൽ.

## ഫെബ്രുവരി

- കുട്ടികളുടെ രചനകൾ, പതിപ്പുകൾ, മാസികകൾ പോസ്റ്ററുകൾ എന്നിവ ശേഖരിച്ച് രചനോത്സവം സംഘടിപ്പിക്കുന്നു.
- രചനാ പ്രവർത്തനങ്ങളിൽ വൈവിധ്യങ്ങളായ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തുന്നു.
- കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.
- എല്ലാ തലങ്ങളിലും കുട്ടിയെ എത്തിക്കാൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് ഉറപ്പാക്കൽ.

## മാർച്ച്

- വ്യക്തിഗതരചനയെ പ്രോത്സാഹിപ്പിക്കൽ
- ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ.
- ചിത്രവായന, വിട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മവായന. ചിത്രരചന ഇവയെ പ്രോത്സാഹിപ്പിക്കൽ.
- ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ
- നവമാധ്യമങ്ങളിലും PTA മീറ്റിംഗിലും അവതരിപ്പിക്കുന്നതിന് അവസരം ഒരുക്കൽ.

—

## സംയുക്തഡയറി

രക്ഷിതാവിന്റെ / അധ്യാപികയുടെ സഹായത്തോടെ ദൈനംദിന അനുഭവങ്ങളെ ആത്മാംശം ഉൾക്കൊണ്ട് എഴുതുന്നതിന് സംയുക്തഡയറി വഴിയുടെ കുട്ടിക്ക് കഴിയുന്നു.

## സചിത്രപുസ്തകം

ഉദ്ഗ്രഥിത പ്രവർത്തനങ്ങളിൽ കുട്ടികളുടെ താൽപര്യം വർധിക്കുന്നതിനായി രണ്ടാം ക്ലാസ്സിലെ മുഴുവൻ പാഠഭാഗങ്ങളും സചിത്രപുസ്തകം രൂപത്തിൽ അവതരിപ്പിക്കാൻ ഉള്ള പ്രായോഗിക ധാരണ കുട്ടികൾ നേടുന്നു.

## പാട്ടരങ്ങ്

ഭാഷാപഠനത്തിൽ താളത്തിന് വളരെയധികം പ്രാധാന്യം ഉണ്ട് കുട്ടികൾ താളബോധം രൂപപ്പെടുന്നതിലൂടെ വായന, ലേഖനം എന്നിവ എളുപ്പമാകുന്നു. താളം മനസ്സിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാന കവിതകളും ഭാവാത്മകമായി അവതരിപ്പിക്കുന്നു.

## റീഡേഴ്സ് തിയേറ്റർ

ലഘുവിവരണങ്ങൾ കഥകൾ, കുട്ടിക്കവിതകൾ സംഭാഷണം തുടങ്ങിയവ ഭാവാത്മകമായി ആശയം ഉൾക്കൊണ്ട് വായിക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു. ഇതിലൂടെ രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളേയും റീഡേഴ്സ് തിയേറ്ററിൽ ഉൾപ്പെടുത്തി മികച്ച വായനക്കാരാക്കി മാറ്റുന്നു.

# <u>ഗണിതം</u> ക്ലാസ് - II

ആമുഖം.

ഗണിതപഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം. എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് "ഗണിത പദ്ധതി"യും മുന്നോട്ട് വന്നത്. ഓരോ പഠനനേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് ~~[illegible]~~ തന്നെയാവണം കുട്ടി പഠിക്കേണ്ടത്. എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനങ്ങളിലും തത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

## പ്രവർത്തനശേഷികൾ

- ഒന്നാം ക്ലാസ്സിലെ കുട്ടികളുടെ ശേഷികളെയുടെ അടിസ്ഥാനമായ സംഖ്യകളെ വ്യാഖ്യാനിക്കാനും സങ്കലനം. വ്യവകലനം, ഗുണനം ഹരണം ഗണിതക്രിയകളുടെ രീതി ഉറപ്പാക്കൽ
- സംഖ്യാബോധവും ത്രികോണമിതിക്കും പരിശീലനവും മെച്ചപ്പെടുത്തൽ.
- ഗണിതകിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ മനസ്സിലാക്കൽ
- ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്ന രീതിയും. (100ൽ താഴെ)
- ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത രീതിയിൽ ഉത്തരങ്ങൾ കണ്ടെത്തിക്കൽ ആശയം എന്ന ഭാഷയിൽ എഴുതി ചേർക്കൽ.
- പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ.

## ഉദ്ദേശ്യങ്ങൾ

* ഗണിതാശയങ്ങളിൽ കൂടി കൈകാര്യം ചെയ്യുന്ന തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

## പ്രവർത്തന ലക്ഷ്യം

* പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ.

## ജൂൺ

1, 2, 3, 4, - - -

1, 3, 5, 7, - - -

10, 20, 30, 40, - - -

5, 10, 15, 20, - - -

2, 4, 6, 8, 10, - - - തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ.

- ഒരു സംഖ്യയോട് 1 കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും 1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ.

## ജൂലൈ

- ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽ പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.
- ഗണിതകിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ.
- പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ [5+5=10, 10+10=20]

## ആഗസ്റ്റ്

- വിവിധ പാറ്റേണുകൾ രൂപീകരിക്കൽ
- സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ

  99 നോട് 1 കൂട്ടിയാൽ 100

  10 പത്തുകൾ ചേർന്നാൽ 100 ആകും

  100 ഒന്നുകൾ ചേർന്നതാണ് 100.

ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള

[illegible]

## സെപ്റ്റംബർ

- ഗണിതത്തിലെ സാധനങ്ങൾ നിരത്തി പ്രയോഗിക പ്രശ്നം പരിഹരിക്കൽ
- വില വിവര പട്ടിക തയ്യാറാക്കൽ
- ക്ലാസിലൊരു കട, സ്കൂളിലൊരു കട ഗണിതാശയങ്ങൾ പ്രയോഗിക തലത്തിൽ ഉറപ്പിക്കൽ.

## ഒക്ടോബർ

- രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർമ്മാണം ചെയ്യുന്നു.
(രണ്ടക്ക സംഖ്യയിൽ നിന്ന് ഒരക്ക സംഖ്യയുടെ വ്യവകലനം)
(രണ്ടക്ക സംഖ്യകൾ തമ്മിൽ സങ്കലനം, വ്യവകലനം)
- സങ്കലന, വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ.
- സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണിലെ സംഖ്യകൾ തമ്മിൽ നിശ്ചിത വ്യത്യാസമുണ്ടെന്ന് കണ്ടെത്തൽ. (പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ)
5 --- 10 --- 15 --- 20 --- 25
(5 വീതം കൂട്ടിയാൽ പ്രശ്നവിശകലനം)

## നവംബർ

- സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്)
- പ്രായോഗിക പ്രശ്ന പരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ.
"ക്ലാസിനൊരു കട" കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യാൻ.
- നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടിച്ചേർത്ത് സംരൂപീകരിക്കൽ
10 രൂപ + 5 രൂപ = 15 രൂപ
നോട്ട് നാണയം.

## ഡിസംബർ

- സംഖ്യാബോധം തിരിച്ചറിവിൽ - സംഖ്യ, വ്യഖ്യാനം ഉറപ്പാക്കൽ
- സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ് അബാക്കസ് നിർമ്മിക്കൽ.
- രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

## ജനുവരി

- വിലവിവരപട്ടിക തയ്യാറാക്കൽ വിവരങ്ങൾ ശേഖരിച്ച് പട്ടികപ്പെടുത്തൽ പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ.

(പ്രശ്ന നിർധാരണം ചെയ്യുക കണ്ടെത്തൽ രീതികൾ സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ.

## ഫെബ്രുവരി

ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ (ഒന്ന് എന്ന് പറയുമ്പോൾ)
ഉല്ലാസ ഗണിതം materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ ഗണിത പഠനം കളി രീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ.

## മാർച്ച്

കലണ്ടർ പതിപ്പ് തയ്യാറാക്കൽ
കലണ്ടറിൽ ചുവന്ന അക്കങ്ങളും, കറുത്ത അക്കങ്ങളും തിരിച്ചറിവ്
മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്താൻ
കലണ്ടർ സംഖ്യാബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ

- കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ.
- ഗണിതാശയങ്ങൾ പ്രയോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക.

ENGLISH Std II

Aim - To speak, read and write english without any mistakes.

| Learning outcomes | Activities | Period |
|---|---|---|
| To check the letters and familiar words (writing skill) | Pretest - Write alphabets and write familiar words cat, dog, apple, ant, big, small, our names, etc like this. | June. |
| To listening skills and reading skills | Conversations ex:- Sachin and dog | |
| Listening skills | Sachin and his father | |
| Speaking skills | -Action songs<br>-identifying the naming words from the picture<br>Text activities<br>Self introduction<br>picture description<br>Assembly activities (quiz, command) | July. |
| Reading skills. | Text book reading<br>Small story book reading. | |

| | | |
|---|---|---|
| Develop the Creative speaking and writing.<br><br>Reading skills<br><br>Writing skills.<br><br>Speaking | - News paper head lines reading<br>* library book reading<br>* find familiar words and<br>* reading conversations.<br>* Text book reading<br>* (back word childrens identifying small word and circle it. then read that words)<br>* picture description and describing words.<br>* make riddles<br>* Add more lines<br>* speech<br>* Assembly activities (Quiz, Commads)<br>* class room introduction (How are you!) Where are you going What is this?)<br>* book review. | August<br><br>to<br><br>September. |
| To express thoughts feeling etc.<br><br>Reading skill. | - Text book reading<br>- tell the action words running, jumping etc.<br>- story book reading.<br>- back word childrens find some words and read it<br>Read notice | October<br><br>to |

| | | |
|---|---|---|
| Writing skill | - Description (Text book, story book & others)<br>- Thought<br>- Riddles<br>- Make small magazines (story, poem, pictures)<br>- Write Diary | November |
| Develop the Learners Speaking and writing...<br><br>Reading skills.<br><br>Writing skills<br><br>Speaking | - Conversations (making)<br>- Reads diary<br>- Read text books, note book, Classroom activities<br><br>- diary<br>- letter<br>- Announcement, magazines<br>- Conversation<br>- Growing sentence<br>- Riddles.<br>- Add more lines<br><br>- Speak about one thing (like ball, nature, school) house etc.<br>- Speech (Important days Independence, school day) | December<br><br>January |

| | | |
|---|---|---|
| | - Newspaper headline reading | |
| Developed their speaking and writing. | - Text book reading<br>- Story book reading<br>- Reading cards reading<br>- Reader diary | February |
| To express their feelings in: Reading skills | - Read activities<br>- Read text activities | |
| & Writing skills | - Complete the small story<br>- Picture description with sentences<br>- diary<br>- Thoughts of characters in simple sentences | and<br><br>March |
| Speaking skills | - Quiz (Assembly)<br>- Exhibition<br>- Story telling<br>- Conversations<br>- Thoughts for the day<br>- Rhymes | |

# STANDARD-III ACADEMIC MASTER PLAN

AIM: To speak, Read & Write English without any mistakes

| Learning outcome | Activities | Period |
| --- | --- | --- |
| To check the Vocabulary and writing skills of pupils. | - Pretest<br>- To develop literary skills and reading skills.<br>Listerning skills<br>- Games, Action songs<br>- Hello English Activities<br>- Conversations<br>- Skit stories, using ICT<br>Speaking skills.<br>- Identify the naming words from the picture<br>- Identify the action words and make sentences with action words.<br>- Make simple discription about the picture. | June - July. |
| Develope the creative speaking and writing | Reading skills<br>- Books Reading<br>- Find words<br>- Rhyming words<br>- T.B Activities.<br>Writing skills.<br>- Make word web<br>- Picture Description<br>- Word chain<br>- Add more Lines<br>- Make conversations, sentences, riddles. | August - September |

| | | |
|---|---|---|
| To express thoughts, feelings etc | Reading skills<br>- Library book reading<br>- Conversation, skit, stories using ICT<br>- Read notice<br>- Develop stories<br>Writing skills<br>- Discription<br>- Thoughts. | October-November |
| Develope the creative speaking and writing. | Reading skills<br>- Library book reading<br>- Conversations, skit, stories using ICT<br>- Develope story<br>- Reads Dairy<br>Writing skills<br>- Notice<br>- Announcement<br>- Dairy. | December-January |
| To improve the presentation power. | Reading skills<br>- Library book reading<br>- Develop story<br>Writing skills<br>- Dairy<br>- Description<br>- Thoughts<br>- Exhibition. | February-March |

# അക്കാദമിക് മാസ്റ്റർ പ്ലാൻ
## STANDARD II, IV

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | സമയം |
|---|---|---|
| ഭാഷാസാഹിത്യ കൃതികൾ വായിച്ച് ആസ്വദിക്കുന്നു ആസ്വാദനക്കുറിപ്പുകളെഴുതുന്നു വായനാശീലത്തിലേക്ക് പുനഃരാവിഷ്കരിക്കുന്നു | 1 - പാട്ടും വരിയും<br>- ഒരു ദിവസം ഒരു പാട്ട് പാടുന്നു | എല്ലാ ദിവസവും Lunchtime June |
| | 2. കഥകൾ<br>- ഇന്നത്തെ ഒരു കഥ പറയാം<br>ഓരോ ദിവസവും ഓരോ കഥ കുട്ടികളും അധ്യാപകരും അവതരിപ്പിക്കുന്നു. വായനാ കാർഡ് നൽകുന്നു. | July |
| | - കുട്ടികളുടെ സാഹിത്യവേദി.<br>ആഴ്ചയിൽ ഒരു ദിവസം വായിച്ച കഥകളെ കുറിച്ചുള്ള അവതരണം<br>കവിതകളുടെ അവതരണം. | August - November |
| | - കഥാ ശില്പശാല<br>പ്രാദേശിക എഴുത്തുകാരെ ഉപയോഗപ്പെടുത്തി കഥ ആസ്വാദനവും കവിതാസ്വാദനവും രചനയുമായി ബന്ധപ്പെട്ട ഏകദിന ശില്പശാല | December |
| | - പുസ്തകവായന<br>ബാലസാഹിത്യകൃതികൾ വായിക്കുന്നു. വായനക്കുറിപ്പുകൾ എഴുതുന്നു. പങ്കുവയ്ക്കുന്നു. | January - March |
| | - കുഞ്ഞെഴുത്തുകൾ - മാഗസിൻ<br>കുട്ടികൾ എഴുതിയ കഥകൾ, കവിതകൾ, ആസ്വാദനക്കുറിപ്പുകൾ, ചിത്രങ്ങൾ, കാർട്ടൂൺ തുടങ്ങിയ സൃഷ്ടികൾ ചേർത്ത് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു. പങ്കുവെയ്ക്കുന്നു. | March |

# അക്കാദമിക് മാസ്റ്റർ പ്ലാൻ
## ക്ലാസ് III, IV - ഗണിതം.

| ഉദ്ദേശ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| മൂന്നക്ക നാലക്ക സംഖ്യകൾ രൂപീകരിക്കുന്നു. | * 1 മുതൽ 9 വരെ സംഖ്യകൾ എഴുതിയ കാർഡുകൾ കുട്ടികൾക്ക് നൽകുന്നു. അതിനുശേഷം മൂന്നക്ക, നാലക്കസംഖ്യകൾ രൂപീകരിക്കാൻ ആവശ്യപ്പെടുന്നു. അവ വായിക്കുന്നു. മൂന്ന്, നാല് അക്കങ്ങൾ കൊണ്ട് നിര രൂപീകരിക്കാവുന്ന ഏറ്റവും ചെറുതും വലുതുമായ സംഖ്യകൾ കണ്ടുപിടിച്ച് എഴുതുന്നു.<br>* മൂന്നക്ക നാലക്ക സംഖ്യകൾ അക്ഷരത്തിൽ എഴുതുകയും അത് വായിക്കുകയും ചെയ്യുന്നു. | ജൂൺ |
| സ്ഥാനവിലക്ക് അനുസരിച്ച് സംഖ്യകൾ ചിട്ടപ്പെടുത്തുന്നു. | * Ones-കൾ, Tens-കൾ, hundred-കൾ, Thousand-കൾ എന്നിങ്ങനെ സംഖ്യകൾ പഠിക്കുന്നു. വായിക്കുന്നു. | ജൂൺ - ജൂലൈ |
| ക്ലോക്ക്, വാച്ച് എന്നിവ നോക്കി സമയം പഠിപ്പിക്കുന്നു. | * ക്ലോക്ക് പരിചയപ്പെടുന്നു. ക്ലോക്കിലെ സൂചി പരിചയപ്പെടുന്നു.<br>* ക്ലോക്ക് വരക്കാൻ ആവശ്യപ്പെടുന്നു. അതിൽ ഏതൊക്കെ സംഖ്യ വരെ രേഖപ്പെടുത്തി എന്തെല്ലാം സൂചികളാണ് ഉള്ളത്. | ജൂലൈ |

| | | |
|---|---|---|
| കലണ്ടർ പഠിപ്പിക്കുന്നു. പരിചയപ്പെടുന്നു. | * ഒരു കലണ്ടർ നോക്കി ഒരു വർഷത്തിൽ എത്ര മാസങ്ങൾ ഉണ്ടെന്നും ഓരോ മാസവും എത്ര ദിവസങ്ങൾ ഉണ്ടെന്നും എഴുതാൻ ആവശ്യപ്പെടുന്നു.<br>* കലണ്ടറിൽ ഇംഗ്ലീഷ് മാസം മാത്രമാണോ രേഖപ്പെടുത്തിയിരിക്കുന്നത്. ഇ ഏതെല്ലാം മാസങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട് ? | [illegible] |

## STANDARD-III - ACADEMIC MASTER PLAN

Aim - Improve the English language proficiency of students

| Learning Outcome | Activities | Period |
| --- | --- | --- |
| * All the children can read and comprehend texts.<br><br>* Children are able to write different discourses. | **Listening skills**<br>* English atmosphere classroom teacher talk, interactions.<br>* Follow simple instructions while playing games.<br>* Listen to the instructions and do accordingly.<br>origami ... paper boat.<br>**Speaking skills**<br>* Read text daily<br>**Writing skills**<br>* Describe a picture in simple sentences.<br>* Prepare concept map. | June<br>July |
| Develope the creative writing and speaking | **Listening**<br>* Listening textbooks stories using ICT.<br>**Speaking**<br>* Enact conversation in textbook 'Anna and Fat boy'<br>* Describe picture events.<br>**Reading**<br>* Reading cards<br>* Games<br>Find words ... First letter S and last letter D<br>SEED | August<br>September |

| | | |
|---|---|---|
| | Writing<br>* Write short description garden, pond etc.<br>* Add more lines. | |
| Develope the continues writing and speaking | Listerning<br>* origami --- bird<br>Speaking<br>* Collect things from house and describe it by mentioning their features and usages.<br>Reading<br>* Flash cards.<br>Writing<br>* Preparations -- show picturs and learnes write sentences. | October<br>November |
| Reading Comprehension | Listerning skills<br>* Collective picture<br>* Speaking skills<br>* Game - - - Riddle who am i?<br>* Meaning Test<br>Reading skills<br>* Reading newspaper headlines<br>* Reading stories and answer to questions.<br>Writing skills<br>* Conversations.<br>* Write personal dairy. | December<br>January |

| | | |
|---|---|---|
| To develop reading, writing, listerning, speaking skills. | Listerning skills<br>* Hearing short stories and answer to questions.<br>Speaking skills<br>*Roleplay.<br>Reading skills<br>* Read simple stories and answer to questions.<br>Writing skills<br>* Writing stories by using hints (pictures) | February, March. |

## ആരോഗ്യത്തിന് മാസ്റ്റർ പ്ലാൻ

### ക്ലാസ് I മുതൽ IV വരെ

### കായിക, മാനസിക ഉല്ലാസം ---

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| * ലഘു വ്യായാമങ്ങളിൽ ഏർപ്പെടുന്നതിന് | * Mass PT Exercise എല്ലാ തിങ്കളാഴ്ചയും രാവിലെ അസംബ്ലി സമയത്ത് 15 മിനിട്ട് കൊടുക്കുന്നു. മറ്റു അസംബ്ലി ദിവസങ്ങളിൽ ഇത് പ്രാക്ടീസ് ചെയ്യിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ |
| * ദിനാചരണങ്ങളിലൂടെ പ്രാധാന്യം പരിചയപ്പെടുത്തുന്നു. | * എല്ലാ പ്രധാന ദിനാചരണങ്ങളും ആഘോഷിക്കുകയും അതുമായി ബന്ധപ്പെട്ട പ്രസംഗം, ഗാനം, ക്വിസ്, പോസ്റ്റർ നിർമ്മാണം, ചിത്രരചന, പ്ലക്കാർഡ് നിർമ്മാണം മുതലായവ കൊടുക്കുകയും സർഗാത്മക കഴിവുകൾ വർദ്ധിപ്പിക്കുകയും ചെയ്യുന്നു. | ജൂൺ മുതൽ മാർച്ച് വരെ. |
| * സൗഹാർദ്ദ മനോഭാവം വളർത്തൽ | * കൃഷിയിൽ അഭിരുചി വർദ്ധിപ്പിക്കുന്നതിനായി ഓരോ ക്ലാസിലെ കുട്ടികൾക്ക് പ്രത്യേകം സ്ഥലം നിശ്ചയിച്ചു കൊടുക്കുകയും അവിടെ കൃഷി ചെയ്യാൻ പരിശീലിപ്പിക്കുകയും ചെയ്യുന്നു.<br>* പൂന്തോട്ട നിർമ്മാണം<br>* പൂന്തോട്ട പരിപാലനം | ജൂൺ മുതൽ മാർച്ച് വരെ. |

| | | |
|---|---|---|
| * ചിത്രകല അഭ്യസിക്കുന്നതിന് | * ചിത്രകല പ്രോത്സാഹിപ്പിക്കാൻ ചിത്രരചനാ ക്ലാസുകൾ കൊടുക്കുകയും മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. | ജൂൺ മുതൽ മാർച്ച് വരെ |
| * സംഗീതം അഭ്യസിപ്പിക്കൽ. | * അടിസ്ഥാനപരമായി സംഗീത ക്ലാസുകൾ നടത്തുകയും കുട്ടികൾക്ക് സംഗീതം അഭ്യസിക്കാനുള്ള വേദിയും അവതരിപ്പിക്കാനുള്ള വേദിയും ഒരുക്കുന്നു. | |

# ഉപസംഹാരം

ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെ വെണ്മണിത്താഴം എൽ.പി.എസിൽ പഠിച്ച് പുറത്തുപോകുന്ന ഉപരിപഠനത്തിന് ഒരു കുട്ടി ഈ ലക്ഷ്യങ്ങൾ നേടിയെടുക്കുന്ന കാര്യത്തിൽ തർക്കമില്ല. കുട്ടികളുടെ സർവ്വൻമുഖമായ വളർച്ച ലക്ഷ്യം വച്ചുകൊണ്ടുള്ള ഈ യജ്ഞത്തിൽ മാതാപിതാക്കളുടെ പൂർണ്ണ സഹകരണം ഉണ്ടെങ്കിൽ വിജയം കൈവരിക്കാൻ കഴിയും. "ഞാൻ വളരുന്നതോടൊപ്പം" എന്റെ വിദ്യാലയവും വളരും എന്റെ വിദ്യാലയം വളരുന്നതോടൊപ്പം എന്റെ നാടും വളരും എന്റെ നാട് വളർന്നാൽ രാജ്യം ഉണരും. അപ്പോൾ നമ്മൾ വിദ്യ പ്രബുദ്ധരാകും അതായിരിക്കണം നമ്മുടെ ലക്ഷ്യം."

"വിദ്യ എന്നത് വെളിച്ചമാണ്
വെളിച്ചം മങ്ങാതിരിക്കട്ടെ
എങ്ങും പ്രകാശിച്ചു നിൽക്കട്ടെ"

'എല്ലാവർക്കും വിജയാശംസകൾ'